## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 311 — 15-12-2014- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി - അടിസ്ഥാന സൗകര്യങ്ങളുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം.ഷാജി :<br>ശ്രീ.എം.ഉമ്മർ :<br>ശ്രീ. പി.ബി.അബ്ദുൾ റസാക് :<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കു വേണ്ടി ഗതാഗതം, വൈദ്യുതി, കെട്ടിടങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ ? | (എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കു വേണ്ടി ഗതാഗതം, വൈദ്യുതി, കെട്ടിടങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.<br><br>**റോഡ് :** വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തെ NH 47 ബൈപാസുമായി ബന്ധിപ്പിക്കുന്നതിനുള്ള 2 കി.മീ. നീളമുള്ള റോഡിനായുള്ള സ്ഥലം തുറമുഖ കമ്പനി ഏറ്റെടുത്തു കഴിഞ്ഞു. പ്രസ്തുത റോഡിന്റെ നിർമ്മാണം തുറമുഖ നടത്തിപ്പിനായി തെരഞ്ഞെടുക്കുന്ന കൺസഷനയറുടെ ചുമതലയാണ്.<br><br>**റെയിൽ :** വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തെ നിലവിലുള്ള നേമം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന രീതിയിലുള്ള പാത സംബന്ധിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. തുടർന്ന് റെയിൽ മന്ത്രാലയത്തിന്റെ അനുമതി നേടിയ ശേഷം സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും.<br><br>**വൈദ്യുതി :** നിർമ്മാണ ഘട്ടത്തിന് ആവശ്യമുള്ള 11 കെ.വി വൈദ്യുതി പൂവ്വാർ സബ്സ്റ്റേഷനിൽ നിന്നും ഭൂഗർഭ കേബിൾ സ്ഥാപിച്ച് പദ്ധതി പ്രദേശത്ത് 2014 നവംബർ മാസത്തിൽ എത്തിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പു |

സമയത്തേയ്ക്ക് ആവശ്യമായി വരുന്ന വൈദ്യുതി പദ്ധതി പ്രദേശത്ത് എത്തിക്കുന്ന തിലേയ്ക്കായി ആരംഭിച്ച 220 കെ.വി. പ്രസരണ ലൈനിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു.

**ജലം :** തുറമുഖത്തിനാവശ്യമായ കുടിവെള്ളം ലഭ്യമാക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി മുഖാന്തിരം 3.3 MLD ജലം ശുദ്ധീകരിച്ചു കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ നിർമ്മാണം 2013 ഏപ്രിലിൽ പൂർത്തീകരിച്ചു. നിലവിൽ ഇതിന്റെ 50 ശതമാനമായ 1.5 MLD ശുദ്ധജലം വിഴിഞ്ഞം പ്രദേശത്തെ ജനങ്ങൾക്ക് കേരള വാട്ടർ അതോറിറ്റി മുഖാന്തിരം വിതരണം ചെയ്തുവരുന്നു.

**കെട്ടിടങ്ങൾ :** തുറമുഖത്തിന് അനുബന്ധമായി ആവശ്യമായ എല്ലാ കെട്ടിടങ്ങളുടെ രൂപകല്പനയും നിർമ്മാണവും നിലവിലെ ഘടനയനുസരിച്ച് തുറമുഖ നിർമ്മാണവും പ്രവർത്തനവും ഏറ്റെടുക്കുന്ന കൺസഷനയർ ആണ് പൂർത്തിയാക്കേണ്ടത്.

**സെക്ഷൻ ഓഫീസർ**